പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 3768

19/02/2013 ൽ
മറുപടിക്ക്

## ആധുനിക തിയേറ്റർ സമുച്ചയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ആധുനിക തിയേറ്റർ സമുച്ചയം നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ; | (എ) ഉണ്ട്. ആലപ്പുഴയിൽ കെഎസ്.എഫ്.ഡി.സി. യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ആധുനിക തിയേറ്റർ സമുച്ചയം നിർമ്മിക്കുവാനുള്ള പദ്ധതിയുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാട്ടത്തിനു സ്ഥലം ലഭ്യമാക്കുമെങ്കിൽ, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആധുനിക തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുവാനും പദ്ധതിയുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യുവാനുദ്ദേശിക്കുന്നത് ; | (ബി) കുറഞ്ഞ ചെലവിൽ സാധാരണ ജനങ്ങൾക്ക് വിനോദോപാധി ഒരുക്കുക, കൂടുതൽ പ്രേക്ഷകരെ തീയേറ്ററിലേക്ക് ആകർഷിക്കുക എന്നീ ഉദ്ദ്യേശങ്ങളോടെയാണ് ആധുനിക തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നത്. മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കി സ്ഥാപനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ആധുനിക രീതിയിലുള്ള ടോയ്ലറ്റുകൾ, ഫുഡ്കോർട്ട്, പാർക്കിംഗ് സൗകര്യം, ഡിജിറ്റൽ പ്രൊജക്ഷൻ, മികച്ച ശബ്ദസംവിധാനം, മികച്ച രീതിയിലുള്ള ഇരിപ്പിടങ്ങൾ, കാര്യക്ഷമതയുള്ള എയർ കണ്ടീഷനിംഗ്, സി.സി.ടി.വി. നിരീക്ഷണം, അച്ചടക്കമുള്ള സെക്യൂരിറ്റി വിഭാഗം, ആധുനിക രീതിയിലുള്ള ക്ലീനിംഗ് വിഭാഗം തുടങ്ങിയ സവിശേഷതകൾ ഒരുക്കിയാണ് തിയേറ്ററുകൾ നിർമ്മിക്കുന്നത്. പദ്ധതി നടപ്പിലാക്കുവാനായി കേന്ദ്ര-പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ. നെ പ്രോജക്ട് കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. |
| (സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) ആലപ്പുഴ തിയേറ്റർ സമുച്ചയത്തിന്റെ ശിലാസ്ഥാപന കർമ്മം, 8/7/2012 ൽ ബഹു.മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി നിർവ്വഹിച്ചു. ആലപ്പുഴ തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ പ്രാരംഭഘട്ടത്തിലാണ്. തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുവാനായി ഭൂമി പാട്ട വ്യവസ്ഥയിൽ ലഭ്യമാക്കുവാൻ തൽപ്പരരായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ